# കേരള ലളിതകലാ അക്കാദമി

## ആമുഖം

ലളിതകലകളുടെ (Visual & Plastic arts) പരിപോഷണത്തിനും വികസനത്തിനും വേണ്ടി സ്ഥാപിച്ചതാണ് കേരള ലളിതകലാ അക്കാദമി. 1962 നവംബര്‍ 28-ാം തീയതി പ്രവര്‍ത്തനമാരംഭിച്ചു. തൃശൂരിലെ ചെമ്പൂക്കാവ് ആണ് ആസ്ഥാനം. 1955 ലെ ട്രാവന്‍കൂര്‍ കൊച്ചിന്‍ ലിറ്ററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിള്‍ ആക്റ്റിന്‍ കീഴില്‍ 1985 ഡിസംബറില്‍ പുതുക്കിയ മെമ്മോറാം ഓഫ് അസോസിയേഷനോടും ആര്‍ട്ടിക്കിളുകളോടും കൂടി ഒരു പുതിയ സൊസൈറ്റിയായി രജിസ്റ്റര്‍ ചെയ്തു. (സ.ഉ (കയ്യെഴുത്ത്) നമ്പര്‍ 28/85/സി.ഡി. തീയതി 24.12.85)

## ലക്ഷ്യം

ദൃശ്യകലയെ പ്രോത്സാഹിപ്പിക്കുക ചിത്ര-ശില്പകലാ രംഗത്ത് പ്രവര്‍ത്തിക്കുന്നവര്‍ക്ക് പഠന ഗവേഷണ സൗകര്യങ്ങള്‍ ഒരുക്കുക, സംസ്ഥാനത്തെ കലാകാരന്മാരുടെയും കലാസ്ഥാപനങ്ങളുടെയും കൂട്ടായ പ്രവര്‍ത്തനങ്ങള്‍ പ്രോത്സാഹിപ്പിക്കുക, ചിത്രകല, ശില്പകല, കാര്‍ട്ടൂണ്‍, ഫോട്ടോഗ്രാഫി കലാകാരന്മാര്‍ക്ക് പ്രോത്സാഹനം നല്‍കുന്നതിനായി ക്യാമ്പുകള്‍, വര്‍ക്ക്ഷോപ്പുകള്‍, എക്സിബിഷനുകള്‍, സെമിനാറുകള്‍, ചര്‍ച്ചകള്‍ എന്നിവ സംഘടിപ്പിക്കുക, ചിത്ര-ശില്പ കലാരംഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളില്‍ ആര്‍ട്ട് ഗ്യാലറികള്‍ ആരംഭിക്കല്‍, കലാകാരന്മാര്‍ക്ക് ഉതകുംവിധം ലൈബ്രറി സൗകര്യങ്ങള്‍ മെച്ചപ്പെടുത്തല്‍, പ്രഗത്ഭരായ കലാകാരന്മാര്‍ക്കും കലാകാരികള്‍ക്കും അവരുടെ പ്രാഗത്ഭ്യത്തിനൊത്ത് അവാര്‍ഡുകളും അംഗീകാരങ്ങളും നല്‍കുക, പാരമ്പര്യ ദൃശ്യകലാരൂപങ്ങളുടെ പ്രോത്സാഹനം, കുട്ടികള്‍ക്കായി കലാപരിശീലന പരിപാടികള്‍ ഒരുക്കുക, അടിയന്തിര ഘട്ടങ്ങളില്‍ ആര്‍ട്ടിസ്റ്റുകള്‍ക്ക് സഹായം ലഭ്യമാക്കല്‍ തുടങ്ങി വളരെ വിപുലമായ പ്രവര്‍ത്തന മേഖലയാണ് കേരള ലളിതകലാ അക്കാദമിക്ക് ഉള്ളത്.

## ഭരണസമിതി

സാംസ്കാരിക വകുപ്പ് സെക്രട്ടറി, ചെയര്‍മാന്‍, വൈസ് ചെയര്‍മാന്‍, സെക്രട്ടറി, ട്രഷറര്‍ എന്നിവര്‍ ഉള്‍പ്പെടെയുള്ള സര്‍ക്കാര്‍ നോമിനികളായ അംഗങ്ങളെ കൂടാതെ ഇതര സാംസ്കാരിക സ്ഥാപനങ്ങളില്‍ നിന്നും നാമനിര്‍ദ്ദേശം ചെയ്യപ്പെടുന്ന ഓരോ അംഗങ്ങള്‍ ഉള്‍പ്പെടുന്ന 21 അംഗ ജനറല്‍ കൗണ്‍സിലാണ് അക്കാദമിയുടെ മുഖ്യ ഭരണസമിതി. ഭരണസമിതിയുടെ കാലാവധി 3 വര്‍ഷമാണ്. ജനറല്‍ കൗണ്‍സില്‍ തിരഞ്ഞെടുക്കുന്ന, സാംസ്ക്കാരിക വകുപ്പ് സെക്രട്ടറി ഉള്‍പ്പെടെയുള്ള 11 അംഗങ്ങള്‍ അടങ്ങുന്നതാണ് അക്കാദമി നിര്‍വ്വാഹക സമിതി.

## പ്രവർത്തനങ്ങൾ

അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടുകൂടിയാണ് നടപ്പിൽ വരുത്തുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഉപയോഗിച്ചാണ് അക്കാദമിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

അക്കാദമിയുടെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കാഞ്ഞങ്ങാട്, മലപ്പുറം, കൊടുങ്ങല്ലൂർ, മാനന്തവാടി, മലമ്പുഴ, ആലപ്പുഴ, നെടുമ്പാശ്ശേരി, തലശ്ശേരി എന്നീ ആർട്ട് ഗ്യാലറികളിൽ പ്രശസ്തരും പ്രമുഖരുമായ കലാകാരീ കലാകാരന്മാരുടെ ചിത്രങ്ങളും ശില്പങ്ങളും ഫോട്ടോഗ്രാഫുകളും പ്രദർശിപ്പിച്ചു വരുന്നു. മറ്റ് സാംസ്കാരിക സംഘടനകളും സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ചിത്ര-ശില്പകലാ ക്യാമ്പുകളും ശില്പശാലകളും സാംസ്ക്കാരിക പരിപാടികളും അക്കാദമി സംഘടിപ്പിക്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമായി വിവിധ സ്ഥലങ്ങളിൽ അക്കാദമി ശേഖരത്തിലുള്ള ചിത്ര/ശില്പങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. വിഖ്യാതരായ കലാകാരന്മാരെക്കുറിച്ചും കലാപ്രസ്ഥാനങ്ങളെക്കുറിച്ചുമുള്ള ചലച്ചിത്രമേളകളും, സെമിനാറുകളും, പ്രഭാഷണ പരമ്പരകളും അക്കാദമി സംഘടിപ്പിക്കാറുണ്ട്. വളർന്ന് വരുന്ന ചിത്രകാരന്മാരെയും ചിത്രകാരികളേയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അവരുടെ കലാരചനകളുടെ പ്രദർശനങ്ങൾ കേരളത്തിനകത്തും പുറത്തും അക്കാദമി സംഘടിപ്പിക്കുന്നു. ഇത്തരത്തിൽ അവരെ ദേശീയ തലത്തിൽ അക്കാദമി അവതരിപ്പിക്കുന്നു.

### ദേശീയ, സംസ്ഥാന, ജില്ലാ ചിത്ര-ശില്പകലാ ക്യാമ്പുകൾ

ചിത്ര-ശില്പകലാ ക്യാമ്പുകൾ അക്കാദമിയുടെ പ്രവർത്തന പദ്ധതികളിൽ വളരെ പ്രധാനപ്പെട്ടവയാണ്. അത് ദേശീയ-സംസ്ഥാന പ്രാദേശിക അടിസ്ഥാനത്തിൽ നടത്തപ്പെടുന്നു. കലാക്യാമ്പുകൾ കലാകാരന്മാരുടെ കൂട്ടായ്മയ്ക്കും പരസ്പരസംവേദത്തിനും ഏറെ പ്രയോജനപ്പെടുമെന്നതിലുപരി അക്കാദമിയുടെ കലാശേഖരത്തിൽ മുതൽ കൂട്ടാവുകയും ചെയ്യുന്നു.

### ഗ്രൂപ്പ് / ഏകാംഗപ്രദർശനം/ ക്യൂറേറ്റഡ് എക്സിബിഷൻ

വർഷംതോറും അക്കാദമി നടത്തിവരുന്ന ഏകാംഗപ്രദർശനങ്ങൾ ഇന്ന് കലാ ലോകത്ത് ശ്രദ്ധേയമാണ്. പ്രതിവർഷം മുപ്പതോളം കലാകാരന്മാർക്കാണ് ഗ്രാന്റുകൾ നൽകിക്കൊണ്ട് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്. പ്രദർശനങ്ങൾ കൂടുതൽ ക്രിയാത്മകമാവുംവിധം ഗ്രൂപ്പ് പ്രദർശനങ്ങൾളും ക്യൂറേറ്റഡ് എക്സിബിഷനുകളും അക്കാദമി വിഭാവനം ചെയ്യുന്നു. ഇവയിൽ ശ്രദ്ധേയരായ തെരഞ്ഞെടുക്കപ്പെട്ട കലാവിദ്യാർത്ഥികൾ, യുവചിത്രകാരന്മാർ എന്നിവർ ഉൾപ്പെടും.

**കളരി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വായനശാലകൾ, സാംസ്ക്കാരിക സംഘടനകൾ, സ്ക്കൂളുകൾ എന്നിവയുമായി ചേർന്ന് കുട്ടികൾക്കായി കലാസ്വാദന പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. വിദഗ്ദരായ കലാദ്ധ്യാപകരും, കലാകാരന്മാരും കുട്ടികൾക്കായി ക്ലാസ്സുകൾ എടുക്കുന്നു.

**വിഷ്വൽ ആർട്ട് ഫിലിം ഫെസ്റ്റിവൽ**

ചിത്ര-ശില്പ കലാ രംഗത്തെ ആസ്പദമായി ഉള്ള ഫിലിമുകളും വീഡിയോകളും പ്രദർശിപ്പിക്കുന്ന ഒരു ഫെസ്റ്റിവൽ ഈ രംഗത്ത് സവിശേഷമായ ഉണർവ് സൃഷ്ടിക്കുവാൻ അത്യാവശ്യമാണ്. ഇത്തരത്തിലുള്ള വീഡിയോകൾ അക്കാദമി ശേഖരത്തിൽ ഉണ്ട്. അത്തരത്തിൽ കാലാകാലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും പുതിയ സൃഷ്ടികളുടെ ആവിർഭാവവും പ്രാധാന്യവും വെളിച്ചത്ത് കൊണ്ടു വരുവാൻ ഇത്തരം ഫെസ്റ്റിവൽ എല്ലാവർഷവും നടത്തുന്നു.

**പത്രപ്രവർത്തകർക്കായുള്ള കലാസ്വാദന നിരൂപണ ക്യാമ്പ്**

കലാ ചരിത്രം പരിശോധിക്കുമ്പോൾ ലോകത്തുള്ള വിവിധ ജനതതികളിൽ പത്രമാദ്ധ്യമങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുള്ളതായി കാണാം. ഉത്തരാധുനിക കാലത്ത് പല കലാ പ്രവർത്തനവും മാദ്ധ്യമ പ്രവർത്തനവുമായി ഇഴചേർന്നിരിക്കുന്നതായി പോലും കാണാവുന്നതാണ്. പത്രലേഖകരിൽ ലളിതകലാ അഭിജ്ഞാനം സൃഷ്ടിക്കുന്നതിന് മാദ്ധ്യമപ്രവർത്തകർക്ക് കലാസ്വാദനശില്പശാല നടത്തിയാൽ ചിത്രകലാ രംഗത്തെക്കുറിച്ചുള്ളമാദ്ധ്യമ അവലോകനം മെച്ചപ്പെടുവാൻ ഇടവരും.

**സർഗ്ഗാത്മക ഛായാഗ്രഹണ ശില്പശാല**

സാങ്കേതിക മേന്മയ്ക്ക് പുറമെ, സർഗ്ഗാത്മക ആത്മപ്രകാശനത്തിന് ഫോട്ടോഗ്രാഫി മാദ്ധ്യമമായി ഉപയോഗിക്കുവാൻ ഛായാഗ്രാഹകരുടെ ഇടയിലുള്ള സർഗ്ഗാത്മക കലാകാരന്മാരെ പ്രേരിപ്പിക്കുവാനും അവരുടെ സർഗ്ഗശക്തി പരിപോഷിപ്പിക്കുവാനും ഉതകുന്ന ഒന്നാണ് സർഗ്ഗാത്മക ഫോട്ടോഗ്രാഫിയിൽ നടക്കുന്ന ശില്പശാലയും മികച്ച രചനകളുടെ പ്രദർശനവും.

**ഇലസ്ട്രേഷൻ ആർട്ടിസ്റ്റ് ക്യാമ്പ്**

ചിത്രീകരണ (ഇലസ്ട്രേഷൻ) കല ഏറ്റവുമധികം വികസിച്ചിട്ടുള്ള കേരളത്തിൽ അത്തരം കലാകാരന്മാരെ പങ്കെടുപ്പിക്കുന്ന ഒരു ക്യാമ്പ് വളരെ പ്രസക്തമാണ്. ഇതിൽ നിന്ന് ലഭിക്കുന്ന ചിത്രങ്ങൾ പ്രസിദ്ധികരണത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

**ഗ്യാലറികൾ ഇല്ലാത്ത ജില്ലകളിലും സ്ഥലം ലഭ്യമാകുന്ന സ്ഥലങ്ങളിലും പുതിയ ആർട്ട് ഗ്യാലറികൾ/ ആർട്ടിസ്റ്റ് റസിഡൻസ് സ്റ്റുഡിയോ**

ഒരു പ്രദേശത്തിന്റെ കലാപരിപോഷണത്തിന് ആർട്ട് ഗ്യാലറികൾ അനിവാര്യമാണ്. കേരളത്തിൽ ഗ്യാലറികൾ ഇല്ലാത്ത ജില്ലകളിലും സ്ഥലം ലഭ്യമാകുന്ന പ്രദേശങ്ങളിലും ആർട്ട് ഗ്യാലറികൾ സ്ഥാപിച്ചുകൊണ്ട് ഒരു വിപ്ലവാത്മകമായ തുടക്കമാണ് അക്കാദമി ഉദ്ദേശിക്കുന്നത്. ഗ്യാലറികളോടനുബന്ധിച്ച് റസിഡൻഷ്യൽ സ്റ്റുഡിയോകളും അക്കാദമി വിഭാവനം ചെയ്യുന്നു. കലാകാരനുമായി നേരിട്ട് ഇടപഴകുന്നതിനും ചിത്രങ്ങളുമായി കാഴ്ച പരിചയവും ജനങ്ങൾക്കും കലാസ്വാദകർക്കും ഇതുമൂലം സംജാതമാകുന്നു.

**കേരള ലളിതകലാ അക്കാദമിയുടെ അവാർഡുകളും ഫെല്ലോഷിപ്പുകളും**

കേരള ലളിതകലാ അക്കാദമി നൽകുന്ന ഫെല്ലോഷിപ്പുകൾ, അവാർഡുകൾ, പുരസ്ക്കാരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അവാർഡ് | എണ്ണം | അവാർഡ് തുക |
|---|---|---|---|
| 1 | ഫെല്ലോഷിപ്പ് | 2 | 1,00,000/- |
| 2 | സംസ്ഥാന അവാർഡ് | 5 | 50,000/- |
| 3 | ഓണറബിൾ മെൻഷൻ | 5 | 30,000/- |
| 4 | സ്പെഷ്യൽ മെൻഷൻ | 5 | 20,000/- |
| 5 | ഫോട്ടോഗ്രാഫി അവാർഡ് | 1 | 50,000/- |
| 6 | ഫോട്ടോഗ്രാഫി ഓണറബിൾ മെൻഷൻ | 2 | 30,000/- |
| 7 | കാർട്ടൂൺ അവാർഡ് | 1 | 50,000/- |
| 8 | കാർട്ടൂൺ ഓണറബിൾ മെൻഷൻ | 2 | 30,000/- |
| 9 | കലാസംബന്ധിയായ മൗലികഗ്രന്ഥ അവാർഡ് | 1 | 10,000/- |
| 10 | കലാസംബന്ധിയായ പരിഭാഷ അവാർഡ് | 1 | 10,000/- |

മേൽപ്പറഞ്ഞ അവാർഡുകൾ കൂടാതെ മികച്ച ഭൂഭാഗ/ഛായാ ചിത്രം വിഭാഗത്തിൽ **'വി. ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ'**, മികച്ച പ്രകൃതിദൃശ്യ ചിത്രത്തിന് **'വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ'** എന്നിവയും നൽകപ്പെടുന്നു.

**കലാവിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പുകൾ**

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ചിത്രകല/ശില്പകല/ഗ്രാഫിക്സ് എന്നീ വിഷയങ്ങളിൽ എം.എഫ്.എ., എം.വി.എ./ബി.എഫ്.എ., ബി.വി.എ. കോഴ്സുകൾക്ക് പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പുകൾ നൽകി വരുന്നു.

എം.എഫ്.എ./എം.വി.എ.യ്ക്ക് 6,000/- രൂപ വീതം 6 വിദ്യാർത്ഥികൾക്കും ബി.എഫ്.എ./ബി.വി.എ.യ്ക്ക് 5,000/- രൂപ വീതം 5 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പുകൾ. പ്രസ്തുത കോഴ്സുകളിൽ അവസാനവർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേയ്ക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്.

## അക്കാദമി ഗ്യാലറികൾ

കേരള ലളിതകലാ അക്കാദമിക്ക് 11 ജില്ലകളിലായി 15 ഗ്യാലറികൾ ഉണ്ട്. **ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, വയനാട്, കണ്ണൂർ** എന്നീ ജില്ലകളിൽ ഓരോ ഗ്യാലറികളും **തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം** ജില്ലകളിൽ 2 ഗ്യാലറികളും, **എറണാകുളം** ജില്ലയിൽ രണ്ട് ഗ്യാലറികളും പ്രവർത്തിച്ച് വരുന്നുണ്ട്. എറണാകുളം ദർബാർഹാൾ ആർട്ട് സെന്ററിലും, കോഴിക്കോടും രണ്ട് നിലകളിലായി പ്രവർത്തിക്കുന്ന ആർട്ട് ഗ്യാലറികൾ ഭരണസൗകര്യാർത്ഥം 5 സബ് ഗ്യാലറികളായി തിരിച്ചിട്ടുണ്ട്. അക്കാദമിയുടെ എറണാകുളം ദർബാർഹാൾ ആർട്ട് സെന്ററിനോട് ചേർന്ന് മൂന്ന് നിലകളിലായി പ്രവർത്തിക്കുന്ന സെന്റർ ഫോർ ആർട്ട് റഫറൻസ് ആന്റ് റിസർച്ച് (കെയർ)ൽ വിഷ്വൽ ആർട്ട്സിന്

പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള ഒരു വിപുലമായ റഫറൻസ് ലൈബ്രറിയും ഉണ്ട്. ആലപ്പുഴ ജില്ലയിലെ കായംകുളം കൃഷ്ണപുരത്ത് 15,000/- ചതുരശ്ര അടി വിസ്തീർണമുള്ള ദേശീയ കാർട്ടൂൺ മ്യൂസിയവും, കണ്ണൂർ ജില്ലയിലുള്ള ശ്രീകണ്ഠാപുരത്ത് ചിത്ര-ശില്പ കലാകാരന്മാർക്ക് താമസിച്ച് സർഗ്ഗസൃഷ്ടി നടത്തുന്നതിന് വിപുലമായ സൗകര്യങ്ങളോടെ അന്താരാഷ്ട്ര നിലവാരവുമുള്ള ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ ആർട്ടിസ്റ്റ് വില്ലേജും (കാക്കണ്ണൻപാറ കലാഗ്രാമം), ആർട്ട് ഗ്യാലറികൾ ഇല്ലാത്ത ഇടങ്ങളിൽ ചിത്രകലാ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി സഞ്ചരിക്കുന്ന ചിത്രശാലയും പ്രവർത്തിച്ചു വരുന്നു.

വിവിധ ജില്ലകളിലായുള്ള അക്കാദമി ഗ്യാലറികളിലെ വാടക താഴെപ്പറയും പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്.

## ഗ്യാലറി വാടക

| ഗ്യാലറി | വാടക | ഡെപ്പോസിറ്റ് |
|---|---|---|
| 1. ആർട്ട് ഗ്യാലറി, തിരുവനന്തപുരം | 300 | 600 |
| 2. ആർട്ട് ഗ്യാലറി, കോട്ടയം | 250 | 600 |
| ഡർബാർഹാൾ ആർട്ട് സെന്റർ, എറണാകുളം. | | |
| 3. താഴത്തെ നില A ഗ്യാലറി | 300 | 600 |
| 4. താഴത്തെ നില B ഗ്യാലറി | 600 | 1200 |
| 5. താഴത്തെ നില C ഗ്യാലറി | 300 | 600 |
| 6. ഒന്നാം നില D ഗ്യാലറി | 1500 | 3000 |
| 7. ഒന്നാം നില E ഗ്യാലറി | 500 | 1000 |
| 8. ചിത്രശാല ആർട്ട് ഗ്യാലറി, തൃശൂർ | 600 | 1200 |
| 9. ആർട്ട് ഗ്യാലറി, മലമ്പുഴ | 250 | 600 |
| 10. ആർട്ട് ഗ്യാലറി, കാഞ്ഞങ്ങാട് | 100 | 200 |
| 11. ആർട്ട് ഗ്യാലറി, മലപ്പുറം | 300 | 600 |
| 12. ആർട്ട് ഗ്യാലറി, തലശ്ശേരി | 300 | 600 |
| 13. ആർട്ട് ഗ്യാലറി, കൊടുങ്ങല്ലൂർ | 250 | 600 |
| 14. ആർട്ട് ഗ്യാലറി, മാനന്തവാടി | 250 | 600 |
| ആർട്ട് ഗ്യാലറി, കോഴിക്കോട് | | |
| 15. താഴത്തെ നില A ഗ്യാലറി | 300 | 600 |
| 16. താഴത്തെ നില B ഗ്യാലറി | 300 | 600 |
| 17. താഴത്തെ നില C ഗ്യാലറി | 200 | 400 |

| | | | | |
|---|---|---|---|---|
| 18. ഒന്നാം നില | **D** | ഗ്യാലറി | 300 | 600 |
| 19. ഒന്നാം നില | **E** | ഗ്യാലറി | 300 | 600 |
| 20. ആർട്ട് ഗ്യാലറി, ആലപ്പുഴ | | | 250 | 600 |

അക്കാദമി ഗ്യാലറി കലാവസ്തുക്കളുടെ പ്രദർശനത്തിനായി ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ തൃശൂരിലെ മുഖ്യകാര്യാലയത്തിലെ ബുക്കിങ് സെക്ഷനുമായി ബന്ധപ്പെട്ട് ഗ്യാലറിയുടെ ലഭ്യത ഉറപ്പ് വരുത്തിയതിനുശേഷം ഗ്യാലറി ബുക്കിങ്ങിനായുള്ള അപേക്ഷാഫോറത്തിൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുക. വാടകയുടെ 50% ഗ്യാലറി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം അഡ്വാൻസായി അടക്കേണ്ടതാണ്. ബാക്കി വാടകയും ഡെപ്പോസിറ്റ് സംഖ്യയും പ്രദർശനം തുടങ്ങുന്നതിന് ഒരാഴ്ച മുമ്പ് അക്കാദമിയുടെ ഏതെങ്കിലും ഗ്യാലറിയിൽ അടച്ചിരിക്കേണ്ടതാണ്. പ്രദർശനം റദ്ദാക്കുന്നവർക്ക് അടച്ച സംഖ്യ തിരികെ നൽകുന്നതല്ല. ഗ്യാലറിക്കോ ഗ്യാലറിയിലെ സാധന സാമഗ്രികൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തുന്നപക്ഷം നഷ്ടപരിഹാരം ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതാണ്. പ്രദർശനവസ്തുക്കൾ ഗ്യാലറിയിൽ നിന്ന് തിരിച്ചെടുത്തതിനു ശേഷം മാത്രമെ ഡെപ്പോസിറ്റ് തിരികെ നൽകൂ. എറണാകുളം ദർബാർഹാൾ ഗ്യാലറിയിലും, കോഴിക്കോട് ആർട്ട് ഗ്യാലറിയിലും രാവിലെ 11.00 മുതൽ വൈകീട്ട് 7.00 മണി വരെയാണ് പ്രദർശന സമയം. മറ്റ് ഗ്യാലറികളിൽ പ്രദർശന സമയം രാവിലെ 10.00 മുതൽ വൈകുന്നേരം 6.30 മണി വരെയാണ്. നെടുമ്പാശ്ശേരി ആർട്ട് ഗ്യാലറി 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഗ്യാലറി അപേക്ഷാ ഫോമുകൾ കേരള ലളിതകലാ അക്കാദമിയുടെ www.lalithkala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള ലളിതകലാ അക്കാദമി ഗ്യാലറികളുടെ മേൽവിലാസം

ചിത്രശാല ആർട്ട് ഗ്യാലറി,
വൈലോപ്പിള്ളി സംസ്കൃതി ഭവൻ,
നളന്ദ, തിരുവനന്തപുരം-695 003
ഫോൺ - 0471 - 2725330

കേരള ലളിതകലാ അക്കാദമി,
രാജാ രവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി,
കിളിമാനൂർ പി.ഒ.,
തിരുവനന്തപുരം - 695 601.

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
ഡി.സി.കിഴക്കേമുറി ഇടം,
ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്,

(...7)

കോട്ടയം - 686 001

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
മുനിസിപ്പൽ ടൗൺ സ്ക്വയർ (നഗരചത്വരം)
മുല്ലക്കൽ, ആലപ്പുഴ

കേരള ലളിതകലാ അക്കാദമി,
ദർബാർഹാൾ ആർട്ട് സെന്റർ,
എറണാകുളം - 682 016
ഫോൺ - 0484 - 2367748

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
പബ്ലിക് യൂട്ടിലിറ്റി സെന്റർ,
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാ ശാല,
കാലടി.

കേരള ലളിതകലാ അക്കാദമി
ചെമ്പൂക്കാവ്, തൃശ്ശൂർ - 680 020
ഫോൺ : 0487 2333773

കേരള ലളിതകലാ അക്കാദമി,
കൊടുങ്ങല്ലൂർ മാധവ മേനോൻ മെമ്മോറിയൽ ആർട്ട് ഗ്യാലറി,
പഴയ മുൻസിപ്പൽ ഓഫീസ്,
തെക്കേ നട, കൊടുങ്ങല്ലൂർ - 680 664,
ഫോൺ - 0480 - 2808773

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
റോക്ക് ഗാർഡൻ റോഡ്, മലമ്പുഴ,
പാലക്കാട്.

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
ടൗൺ ഹാൾ കോമ്പൗണ്ട്,
കോഴിക്കോട് - 673 001.

ഫോൺ - 0495 - 2723352

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
കോട്ടക്കുന്ന്, മലപ്പുറം - 676 505

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
ടൗൺഹാളിന് സമീപം,
കാഞ്ഞങ്ങാട്, കാസർഗോഡ് -671 315

കേരള ലളിതകലാ അക്കാദമി,
തലശ്ശേരി ആർട്ട് ഗ്യാലറി,
സ്പോട്ടിങ്ങ് യൂത്ത്സ് ലൈബ്രറി ബിൽഡിങ്,
തിരുവങ്ങാട്, തലശ്ശേരി,
കണ്ണൂർ - 670 103.

കേരള ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറി,
സോളിഡാരിറ്റി,
മൈസൂർ റോഡ്, മാനന്തവാടി,
വയനാട് - 670 645.

കേരള ലളിതകലാ അക്കാദമി,
ശങ്കർ മെമ്മോറിയൽ നാഷ്ണൽ കാർട്ടൂൺ മ്യൂസിയം ആന്റ് ആർട്ട് ഗ്യാലറി,
കൃഷ്ണപുരം പി.ഒ.,
കായംകുളം.

## റഫറൻസ് ലൈബ്രറി

അക്കാദമി ഹെഡ് ക്വാർട്ടേഴ്സിൽ വിഷ്വൽ ആർട്ടുമായി ബന്ധപ്പെട്ട വിപുലമായ റഫറൻസ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്. 16 ലക്ഷത്തിലധികം വില വരുന്ന ഏകദേശം 2000ത്തോളം പുസ്തകങ്ങൾ അക്കാദമി ശേഖരത്തിലുണ്ട്. ഒരു വർഷത്തേയ്ക്ക് 100/- രൂപയാണ് ലൈബ്രറി അംഗത്വഫീസ്.

കലയേയും അനുബന്ധവിഷയങ്ങളെയും കുറിച്ചുള്ള സമഗ്രമായ ഒരു റഫറൻസ് സെന്ററാണ് കെയർ. അക്കാദമിയുടെ എറണാകുളം ദർബാർഹാൾ ആർട്ട് സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്ന സെന്റർ ഫോർ ആർട്ട് റഫറൻസ് ആന്റ് റിസർച്ച് (കെയർ)ൽ വിഷ്വൽ ആർട്ട്സിന് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള ഒരു വിപുലമായ റഫറൻസ് ലൈബ്രറി ഉണ്ട്. ദൃശ്യകലമാത്രമായ ഒരു റഫറൻസ് സെന്റർ മാത്രമല്ല

(...9)

ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. നൃത്തം, സംഗീതം, സിനിമ, സാംസ്ക്കാരിക പഠനങ്ങൾ, രാഷ്ട്രീയ സാമൂഹ്യ-ശാസ്ത്ര പഠനങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും വലിയ ഒരു ഗ്രന്ഥ ശേഖരം തന്നെ ഇവിടെ ഒരുക്കിയിട്ടുണ്ട്. കെയറിന്റെ അഡ്മിഷൻ ഫീസായി 250/- രൂപയും, മെമ്പർഷിപ്പ് ഫീസായി വ്യക്തികളിൽ നിന്ന് ഒരു മാസത്തിന് 25/- രൂപയും നിശ്ചയിച്ചു.

## പ്രസിദ്ധീകരണങ്ങൾ

കേരള ലളിതകലാ അക്കാദമിയുടെ വിശേഷപ്പെട്ട ചിത്രകലാ പ്രദർശനങ്ങൾ, സംസ്ഥാന പ്രദർശനങ്ങൾ എന്നിവയുടെ ക്യാറ്റലോഗുകൾ, പ്രശസ്തരായ മൺമറഞ്ഞ കലാകാരന്മാരുടെ മോണോഗ്രാഫുകൾ തുടങ്ങിയവ അക്കാദമി നിർവ്വാഹക സമിതിയുടെ തീരുമാനപ്രകാരം പ്രസിദ്ധീകരിച്ച് വരുന്നു. പ്രസിദ്ധീകരണങ്ങളും, രാജാരവിവർമ്മ, കെ.സി.എസ്. പണിക്കർ എന്നിവരുടെ ചിത്രങ്ങളുടെ പ്രിന്റുകളും വില്പനക്കായി ലഭ്യമാണ്.

**വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകേണ്ട ആഫീസറുടെ വിലാസം താഴെ കൊടുക്കുന്നു.**

**പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,**
**(മാനേജർ)**
**കേരള ലളിതകലാ അക്കാദമി,**
**ചെമ്പൂക്കാവ്, തൃശ്ശൂർ - 680 020.**
**ഫോൺ - 0487 - 2333773, 2339262**
**ഫാക്സ് 0487 - 2333773**

**സെക്രട്ടറി**